# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2707 06/11/2019 ൽ മറുപടിയ്ക്ക്

പാതയോരത്തെ സർക്കാർ മരങ്ങളുടെ കൈയ്യേറ്റം

ചോദ്യം | മറുപടി

ശ്രീ.സി.കെ. ഹരീന്ദ്രൻ

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | പാറശ്ശാല നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വശത്തായി നിൽക്കുന്ന വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ & ബി | പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വശത്തായി നിൽക്കുന്ന മരങ്ങളുടെ ഉടമസ്ഥത പൊതുമരാമത്ത് വകുപ്പിന് തന്നെയാണ്. ആയതിനാൽ ഇത് സംബന്ധിച്ച് വനം വകുപ്പ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല |
| ബി | പാതയോരത്തെ മരങ്ങൾ സ്വകാര്യവ്യക്തികൾ കയ്യേറി വേലികൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | | |
| സി | ഇത്തരം വിഷയങ്ങളിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | സി | ഇതു സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| ഡി | പാറശ്ശാല നിയോജക മണ്ഡലത്തിലെ പാതയോരങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന വന്മരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ മുറിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | ഡി | പാതയോരങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങളുടെ വിശദവിവരങ്ങൾ തയ്യാറാക്കേണ്ടത് ടി മരം നിൽക്കുന്ന സ്ഥലത്തിന്റെ കസ്റ്റോഡിയനാണ്. കസ്റ്റോഡിയൻ അപേക്ഷിക്കുന്ന മുറക്ക് വനം വകുപ്പ് മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം നൽകുകയും മരങ്ങളുടെ വില നിർണ്ണയിച്ച് നൽകുകയും ചെയ്യുന്നു. |
| ഇ | മരങ്ങൾ കടപുഴകി വീണുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | ഇ | നിലവിൽ സർക്കാർ സ്ഥലങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിയ്ക്കുന്നതിനുള്ള അപേക്ഷ, മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലഭിയ്ക്കുന്ന മുറയ്ക്ക് ജി.ഒ.(ആർ.റ്റി) 68/2010 F&WLD തീയതി 10.02.2010 പ്രകാരമുള്ള പരിസ്ഥിതി കമ്മിറ്റി പരിശോധന നടത്തി മരം മുറിയ്ക്കുവാൻ അനുമതി നൽകിവരുന്നുണ്ട്. 11.07.2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം ജീവനും സ്വത്തിനും ഹാനികരമായി നിൽക്കുന്ന മരങ്ങൾ അതാത് വകുപ്പുതല ഉദ്യോഗസ്ഥൻമാർ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർ/ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുൻപാകെ അപേക്ഷ സമർപ്പിച്ച് തുടർന്നുള്ള അനുമതിയോടുകൂടി (സി.ആർ.പി.സി.133 പ്രകാരം) ഉടൻ മുറിച്ചു മാറ്റണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ